പ്രകാരം എൻ.എച്ച്. 17-ഉം 47-ഉം എൻ.എച്ച്.ഡി.പി ഘട്ടം 2-ലും 3-ലും പെടുത്തി സർവ്വീസ് റോഡോടുകൂടിയ 4 വരിപ്പാതയായി വികസിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്. മറ്റു ദേശീയപാതകൾ പേവ്ഡ് ഷോൾഡറോടുകൂടിയ 2 വരിപ്പാതയുമായാണ് വികസിപ്പിക്കുവാൻ ഉദ്ദേശിക്കുന്നത്. ദേശീയപാത 47-ലെ മണ്ണുത്തി മുതൽ അങ്കമാലി വരെ 4 വരിപ്പാതയാക്കുന്നതും അങ്കമാലി മുതൽ ഇടപ്പള്ളിവരെയുള്ള നവീകരണം നടത്തുന്നതും പൂർത്തിയാക്കിയിട്ടുണ്ട്. വടക്കഞ്ചേരി മുതൽ മണ്ണുത്തി വരെ 6 വരിപ്പാതയാക്കലും വാളയാർ മുതൽ വടക്കഞ്ചേരി വരെ നാലു വരിപ്പാതയാക്കുന്നതും പുരോഗമിച്ചുവരുന്നു. ദേശീയ പാതയുടെ ഭാഗമായുള്ള വിവിധ ബൈപ്പാസുകളുടെ വികസനത്തിനായി കേന്ദ്രസർക്കാർ സഹായം വാഗ്ദാനം ചെയ്തിട്ടുണ്ട്. തിരുവനന്തപുരം ബൈപ്പാസ് പൂർണ്ണമായും കേന്ദ്രസഹായത്തോടുകൂടി വികസിപ്പിക്കുന്നതിന് നടപടികൾ പുരോഗമിച്ചുവരുന്നു. കൊല്ലം, ആലപ്പുഴ ബൈപ്പാസുകളുടെ നിർമ്മാണത്തിനായി 50% കേന്ദ്ര സഹായം ലഭിക്കുന്നതാണ്. മറ്റു ദേശീയ പാതകളുടെ വികസനം ഘട്ടംഘട്ടമായി നടപ്പിലാക്കുവാൻ കേന്ദ്ര സർക്കാർ സമ്മതിച്ചിട്ടുണ്ട്. ദേശീയ പാതകളായ എൻ.എച്ച്. 208, എൻ.എച്ച്. 49, എൻ. എച്ച് 220, എൻ. എച്ച് 213 എന്നിവയുടെ വിവിധ ഭാഗങ്ങൾ വികസിപ്പിക്കുന്നതിന് 2014-15 വർഷത്തെ കേന്ദ്രപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**വാമനപുരം നിയോജകമണ്ഡലത്തിലെ ചെല്ലഞ്ചി പാലം**

**295 (1339)** ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാമനപുരം നിയോജക മണ്ഡലത്തിലെ ചെല്ലഞ്ചി പാലത്തിന്റെ നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട് 29-1-2015-ന് ഏതെങ്കിലും മീറ്റിംഗ് നടന്നിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത മീറ്റിംഗിൽ എന്തെല്ലാം തീരുമാനങ്ങൾ കൈക്കൊണ്ടു ; വിശദമാക്കാമോ ;

(സി) തീരുമാനങ്ങൾ നടപ്പിലാക്കുന്നതിന് സമയപരിധി നിശ്ചയിച്ചിരുന്നോ; എങ്കിൽ നിശ്ചിത സമയത്തിനുള്ളിൽ പ്രസ്തുത തീരുമാനങ്ങൾ നടപ്പിലാക്കിയിട്ടുണ്ടോ ;

(ഡി) എന്തുകൊണ്ടാണ് 29-1-2015-ലെ മീറ്റിംഗിലെ തീരുമാനങ്ങൾ നടപ്പിലാക്കാൻ കഴിയാത്തതെന്ന് വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ചെല്ലഞ്ചി പാലത്തിന്റെ നിർമ്മാണം പുനരാരംഭിക്കുന്നതിന് എന്തെല്ലാം അടിയന്തര നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ ) ഉണ്ട്.

(ബി) യോഗനടപടിക്കുറിപ്പ് അനുബന്ധമായി ചേർക്കുന്നു.*

(സി) ഉണ്ട്. രണ്ടാഴ്ച കാലയളവാണ് നിശ്ചയിച്ചിരുന്നത്. കൺസൂക്ഷൻ കോർപ്പറേഷന് ഒരു വിധത്തിലും ഈ പണി ഏറ്റെടുത്ത് മുന്നോട്ട് കൊണ്ടു പോകാൻ കഴിയില്ലെന്ന് രേഖാമൂലം അറിയിച്ചിട്ടുണ്ട്.

(ഡി) തീരുമാനങ്ങൾ നടപ്പാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) മുകളിൽ പറഞ്ഞ തീരുമാന പ്രകാരം പ്രസ്തുത പണിയുടെ കൺസൂക്ഷൻ കോർപ്പറേഷനുമായുള്ള എഗ്രിമെന്റ് നിയമാനുസൃതം അവസാനിപ്പിക്കുന്നതിനും ശേഷിക്കുന്ന പണികൾ കെ.എസ്.സി.സി.-യുടെ നഷ്ടോത്തരവാദിത്വത്തിൽ പുനഃക്രമീകരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**അങ്കമാലി ബൈപ്പാസ് പദ്ധതി**

296 (1340) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ സർക്കാരിന്റെ 1000 കോടി പദ്ധതിയിൽ ഉൾക്കൊള്ളിച്ചിരുന്നതും സർവ്വെയും, അലൈൻമെന്റും, പ്രാഥമിക പഠനവും പൂർത്തിയാക്കിയിട്ടുള്ളതുമായ അങ്കമാലി ബൈപ്പാസ് പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനായി സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ ;

(ബി) ഇത് എന്നത്തേക്ക് യാഥാർത്ഥ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ ;

(സി) അങ്കമാലി ബൈപ്പാസ് ഇനിയും നടപ്പിലാകാത്തതിന്റെ കാരണം വിശദമാക്കാമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly